**ഏകലോകം എന്ന അറിവും അനുഭവവും അത്രമേൽ സാധാരണമായിരിക്കുന്ന ഇന്ന് പ്രാദേശിക തിണ്ണമിടുക്കുകൾ ഒഴിവാക്കി മനുഷ്യർക്ക് എല്ലാം പ്രസക്തമായ മൂല്യശാസ്ത്രത്തിന്റെ വെളിച്ചത്തിലുള്ള, വ്യക്തിയുടെ സ്വയംഭരണത്തെ ലക്ഷ്യമാക്കുന്ന, ഭൂമിരാഷ്ട്രീയ ബോധമാണ് നമുക്ക് വേണ്ടതെന്ന് വിശദമാക്കുന്നു**

**ശ്യാം ബാലകൃഷ്ണൻ**

# മൂല്യശാസ്ത്രവും ഭൂമിരാഷ്ട്രീയവും

**ഇന്ത്യൻ** പാർലമെന്റ് 2010 ൽ, ആണവ ബാധ്യത ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുന്ന സന്ദർഭം; ഭാവിയിൽ ഒരു ആണവാപകടം ഉണ്ടായാൽ മനുഷ്യരുടെ ജീവഹാനിക്കും പരിക്കിനും മറ്റ് പ്രകൃതി നാശങ്ങൾക്കും പരമാവധി നഷ്ടപരിഹാര തുക എത്രയായിരിക്കണം എന്നതായിരുന്നു ചർച്ചാവിഷയം. തുക 500 കോടി മതിയെന്ന് ഭരണപക്ഷവും 1500 കോടി വേണമെന്ന് പ്രതിപക്ഷവും അഭിപ്രായപ്പെട്ടു. എന്നാൽ, മനുഷ്യജീവനും ജീവജാലങ്ങൾക്കും വിലയിടാനാവുമെന്ന കാര്യത്തിൽ രണ്ട് കൂട്ടർക്കും യോജിപ്പുണ്ടായിരുന്നു; അത് 500 കോടിയാണോ 1500 കോടിയാണോ എന്നതിൽ മാത്രമായിരുന്നു തർക്കം.

1854ലിൽ ഒരു റെഡ്ഇന്ത്യൻ മൂപ്പൻ, താനുമായി കരാറുണ്ടാക്കി തന്റെ കൂട്ടരിൽ നിന്ന് ഭൂമി വാങ്ങാനെത്തിയ അമേരിക്കൻ ഗവർണറോട് ചോദിക്കുകയുണ്ടായി: "ആകാശവും മണ്ണിന്റെ ചൂടും നമുക്കെങ്ങനെ വാങ്ങുവാനും വിൽക്കുവാനും ആകും? ഞങ്ങൾക്ക് ഈ ആശയം അപരിചിതമാണ്. വായുവിന്റെ പുതുമയും വെള്ളത്തിന്റെ തിളക്കവും ഞങ്ങളുടെ ഉടമസ്ഥതയിൽ അല്ലെന്നിരിക്കെ നിങ്ങൾക്ക് എങ്ങിനെയാണത് വാങ്ങാനാവുക?!"

ഇന്ന് നമ്മളോരോരുത്തരും, മനുഷ്യരാശി കൂട്ടായും അഭിമുഖീകരിക്കുകയും വ്യക്തത ഉണ്ടാക്കുകയും ചെയ്യേണ്ട ചോദ്യവും സമാനമാണ്; എന്താണ് ജീവിതത്തിന്റെ മൂല്യം? പ്രസക്തി? അതിന് വിലയിടാനാവുമോ?

ഇന്ത്യൻ നിയമസംഹിത അനുസരിച്ച് ആത്മഹത്യാശ്രമം കുറ്റകരമാണ്; ദയാവധം അനുവദനീയവും അല്ല. രണ്ട് സന്ദർഭത്തിലും ഭരണഘടന ഉയർത്തിപ്പിടിക്കുന്നത് മനുഷ്യജീവന്റെ മൂല്യത്തെയാണ്. ജീവിക്കുകയെന്നത് ഏറ്റവും ക്ലേശകരമായിരിക്കുന്ന സന്ദർഭത്തിലും ഏതു വിധേനയും ജീവിതം തുടരാനാ



ത്തുന്നത് ഇത്തരം സാമാന്യവത്കരണങ്ങളിൽ നിന്നാണ്. അതിന് ഉതകുന്ന ചരിത്രസത്യങ്ങളുടെ നിർമ്മിതിയും പ്രചാരണവും മുതലാളിത്തത്തിന്റെ ദൈനംദിന വൃത്തിയുമാണ്. എന്നാൽ ഈ ചരിത്രകഥകൾ തീർത്തും ശരിയാവുകയെന്നത് അസാധ്യമാണ്. ആ വിധം സ്വകാര്യതാത്പ്പര്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ തുനിഞ്ഞ് ഇറങ്ങിയവരായിരുന്നു നമ്മുടെ പൂർവ്വികരെങ്കിൽ മനുഷ്യരാശി പണ്ടേക്കുപണ്ടേ കുറ്റിയറ്റ് പോകുമായിരുന്നു. നമ്മെപ്പോലെ മൂല്യങ്ങളെക്കുറിച്ച് ആകാംക്ഷപ്പെടുന്ന ധാരാളം മനുഷ്യർ ഇപ്പോഴും ഭൂമിയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അത് കാണിക്കുന്നത് ഇന്നത്തെപ്പോലെ എന്നും സ്വാർത്ഥതാല്പര്യങ്ങൾ, വ്യാപാര ആർത്തികൾ, ഭരണകൂട അനീതികൾ എന്നിവക്കുപരിയായി മഹാഭൂരിപക്ഷം ജനങ്ങളും അബോധമായെങ്കിലും തങ്ങളുടെ സാഹോദര്യം അംഗീകരിച്ചിരുന്നു, പങ്കിട്ടിരുന്നു എന്നാണ്.

**നമ്മളെക്കാലവും മത്സരിച്ചും ചൂഷണം ചെയ്തുമാണ് ജീവിച്ചിരുന്നതെന്നുമുള്ള ഒരു പൊതുധാരണ ഇന്ന് ലോകമൊട്ടാകെ നിലനിൽക്കുന്നുണ്ട്; മുതലാളിത്ത വ്യവസ്ഥിതി അതിന്റെ മുഴുവൻ ഹിംസകൾക്കും ന്യായീകരണം കണ്ടെത്തുന്നത് ഇത്തരം സാമാന്യവത്കരണങ്ങളിൽ നിന്നാണ്. അതിന് ഉതകുന്ന ചരിത്രസത്യങ്ങളുടെ നിർമ്മിതിയും പ്രചാരണവും മുതലാളിത്തത്തിന്റെ ദൈനംദിന വൃത്തിയുമാണ്. എന്നാൽ ഈ ചരിത്രകഥകൾ തീർത്തും ശരിയാവുകയെന്നത് അസാധ്യമാണ്**

ണ് നൂറിൽ തൊണ്ണൂറ്റിയൊൻപത് പേരും ആഗ്രഹിക്കുന്നത്. സ്വയം ജീവിതം ഒടുക്കാമെന്നുള്ളപ്പോഴും ജീവിതം തുടരുന്നതിലൂടെ ഓരോ മനുഷ്യനും അബോധമായി അംഗീകരിക്കുന്നത് ജീവിതത്തിന്റെ ആത്യന്തിക മൂല്യത്തെയാണ്. എന്നാൽ എന്താണ് ആ മൂല്യം എന്ന് നമുക്ക് വ്യക്തത ഉണ്ടോ?

തെരുവിൽ ഭിക്ഷ യാചിക്കുന്ന കുട്ടികളെ നാം എത്രയോ കാണുന്നു! അത് കണ്ടിട്ട്, അങ്ങനെ ഒരു പ്രശ്നമേ ഇല്ലെന്ന മട്ടിൽ നമ്മൾ ഭൂരിപക്ഷത്തിനും സ്വന്തം സ്വകാര്യ പ്രവർത്തികളിൽ മുഴുകുവാൻ പറ്റുന്നുണ്ട്. അഥവാ, തന്നെ അടിമയെപ്പോലെ കൈകാര്യം ചെയ്യുന്ന ഒരു തൊഴിലുമായ്, ജീവിതരീതിയുമായി മിക്കവർക്കും സമരസപ്പെടുവാൻ ആകുന്നുണ്ട്. എത്ര ബുദ്ധിമുട്ടിയും ജീവിക്കുവാൻ ഇച്ഛിക്കുന്നതിലൂടെ, ജീവന്റെ പരമമായ മൂല്യത്തെ അംഗീകരിച്ച ഒരുവൻ, ജീവിക്കുവാൻവേണ്ടി എന്ത് നെറികേടിനും തയ്യാറാകുന്നത്, എന്താണ് ജീവിതമെന്നും എന്തിനാണ് ജീവിക്കുന്നതെന്നും അറിയാത്തതുകൊണ്ടല്ലേ? നീതി, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങി എല്ലാ ആശയങ്ങൾക്കും ഉൾക്കാമ്പ് ഉണ്ടാകുന്നതും ഈ ആദർശങ്ങളെയത്രയും ഉൾക്കൊള്ളുന്ന ജീവിതത്തെ/ജീവിയെക്കുറിച്ചുള്ള നമ്മുടെ വ്യക്തതയിൽ നിന്നാണ്. അവനവനോടുപോലും കള്ളം പറയുന്ന വ്യക്തി മുതൽ, സമാധാനത്തിനും ജനാധിപത്യത്തിനും വേണ്ടി നടത്തുന്ന യുദ്ധം വരെയുള്ള സമകാലിക അസംബന്ധങ്ങൾ, ജീവിതത്തെ സംബന്ധിച്ച നമ്മുടെ അവ്യക്തതയെ തന്നെയാണ് കാണിക്കുന്നത്.

എന്നാൽ അങ്ങനെയൊരു വ്യക്തതയും, അതിനനുസരിച്ച ജീവിതരീതിയും മനുഷ്യർക്ക് ഒരു കാലത്തും ഉണ്ടായിരുന്നിട്ടില്ല എന്നും, നമ്മളെക്കാലവും മത്സരിച്ചും ചൂഷണം ചെയ്തുമാണ് ജീവിച്ചിരുന്നതെന്നുമുള്ള ഒരു പൊതുധാരണ ഇന്ന് ലോകമൊട്ടാകെ നിലനിൽക്കുന്നുണ്ട്; മുതലാളിത്ത വ്യവസ്ഥിതി അതിന്റെ മുഴുവൻ ഹിംസകൾക്കും ന്യായീകരണം കണ്ടെ

ഈ പറഞ്ഞതിന് അർത്ഥം, നമ്മളെല്ലാവരും എക്കാലവും വളരെ സ്നേഹവാന്മാരും നിസ്വാർത്ഥമതികളും ആണെന്നും അല്ല; മറിച്ച് മനുഷ്യരിലെ നന്മയും തിന്മയും സ്വയം സന്തുലിതാവസ്ഥ നിലനിർത്തുന്നതാണെന്ന് മാത്രം. മനുഷ്യരാശിയുടെ നിലനിൽപ്പ് തന്നെ അപകടത്തിലായിരിക്കുന്ന ഇന്ന്, നമുക്ക് നമ്മുടെ എകപക്ഷീയതകളെ മറികടന്നുകൊണ്ട് മനുഷ്യർക്കെല്ലാം പ്രസക്തമായ മൂല്യങ്ങളെ ഒരുമിച്ച് ആസ്വദിക്കാനാവുന്ന സാഹചര്യം അസാധ്യമല്ലെന്നും അഥവാ അങ്ങനെയൊരു സാദ്ധ്യതയാണ് നമ്മുടെ ഏക പ്രതീക്ഷയെന്നുമാണ് കരുതാവുന്നത്. വാസ്തവത്തിൽ, ന

മ്മൾ എഴുതുന്നതിലും വായിക്കുന്നതിലുമെല്ലാം അങ്ങനെയൊരു അണയാത്ത പ്രതീക്ഷ ജ്വലിക്കുന്നുണ്ട്.

* * * * *

നമ്മൾ എല്ലാവരും പല രീതികളിൽ മൂല്യങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു; അക്കൂട്ടത്തിൽ തങ്ങൾ പറയുന്നത് എന്താണെന്ന് അറിയാവുന്നവർ ചുരുക്കം. പലരും തങ്ങളുടെ താൽപ്പര്യങ്ങൾക്കൊത്ത് മൂല്യങ്ങളെ (ദുർ)വ്യാഖ്യാനിച്ച് ചൂഷണങ്ങൾക്കുള്ള ഉപാധിയും ആക്കുന്നു; സമകാലിക വികസനപ്രക്രിയ ഇതിന് മികച്ച ഉദാഹരണമാണ്. വ്യക്തമായ മൂല്യധാരണകളോ, മാനദണ്ഡങ്ങളോ ഇല്ലാതെ വികസനത്തിന്റെ പേരിൽ ജീവിതനിലവാരം ഉയരുന്നു - താഴുന്നു എന്ന് പറയുന്നതും രാഷ്ട്രങ്ങളെ വികസിത-വികസ്വര-അവികസിതങ്ങളായി തിരിക്കുന്നതും തീർത്തും ഭോഷ്ക്കാണ്. ഇതെല്ലാം വെളിപ്പെടുത്തുന്നത്, മനുഷ്യർക്കെല്ലാം പ്രസക്തവും പ്രകൃതിയിൽ നിന്ന് അന്യവൽക്കരിക്കപ്പെടാത്തതും സർഗാത്മകവുമായ മൂല്യശാസ്ത്രത്തിന്റെ അത്യാവശ്യത്തെയാണ്.

അങ്ങനെയൊരു മൂല്യശാസ്ത്രത്തെ മനസ്സിലാക്കുന്നതിന്റെ ആദ്യപടി, നമ്മൾ ഓരോരുത്തരുടേയും ജീവിതവീക്ഷണങ്ങളുടെ പശ്ചാത്തലമായി വർത്തിക്കുകയും അതിനെ നിരന്തരം രൂപപ്പെടുത്തി കൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ പൊതുജ്ഞാനമണ്ഡലത്തെ കൂടുതൽ അറിയുകയാണ്. അതിനൊപ്പം പൗരാണിക കാലഘട്ടത്തിൽ ജനതകളുടെ ജീവിതത്തിനാകെ അടിത്തറയൊരുക്കിയ ദർശനങ്ങളുടെ പൊതുസ്വഭാവവും മനസ്സിലാക്കണം.

ജീവിതത്തെ കുറിച്ചുള്ള പൌരാണിക - ആധുനിക അന്വേഷണങ്ങൾ സാമാന്യമായി രണ്ട് ദിശയിലാണ് നടക്കുന്നതെന്ന് പറയാം; മനുഷ്യൻ സ്വയം അറിയുക അപ്പോഴവൻ എല്ലാത്തിനേയും അറിയുന്നു എന്നതാണ്, ഒരു ദിശയിലുള്ള അന്വേഷണങ്ങളുടെ കാതൽ. പ്രാചീനകാലത്തെ തത്വചിന്താകേന്ദ്രമായിരുന്ന ഡെൽഫി ദേവാലയ കവാടത്തിൽ എഴുതിവെച്ചിരുന്നത് 'മനുഷ്യാ നീ സ്വയം അറിയുക' (Man Know Thyself) എന്നാണ്. 'ഞാൻ ബ്രഹ്മമാണ്' (അഹം ബ്രഹ്മാസ്മി), 'നീയും അത് തന്നെ' (തത്വമസി) തുടങ്ങിയ മഹാവാക്യങ്ങളും, അത്തരം അന്വേഷണങ്ങളേയും കണ്ടെത്തലിനേയും സാക്ഷ്യപ്പെടുത്തുന്നു. ഈ രീതിയിൽ തന്റെ തന്നെ യാഥാർത്ഥ്യവുമായുണ്ടാകുന്ന താദാത്മ്യം പൂർണ്ണ ആനന്ദമായും പറയപ്പെട്ടിട്ടുണ്ട്.

മനുഷ്യനും പ്രപഞ്ചവുമായുള്ള അഭേദത അടിസ്ഥാനതത്വമായി അംഗീകരിക്കുന്നതാണ് ഈ ജ്ഞാനപദ്ധതി. അഥവാ മനുഷ്യനിർമിതമല്ലാത്ത മനുഷ്യത്വം, കടലിനും ആകാശത്തിനും നക്ഷത്രങ്ങൾക്കും തുല്യമായ, അവയിൽനിന്നും വേറെയല്ലാത്ത, ഒന്നായാണ് മനസ്സിലാക്കപ്പെട്ടിരുന്നത്.

സിയാറ്റിൽ മൂപ്പന്റെ പ്രസംഗത്തിൽ ഉടനീളം മനുഷ്യനും പ്രകൃതിയുമായുള്ള ഈ അഭിന്നത- പാരസ്പര്യം വ്യക്തമാണ്.

"ഞങ്ങൾ ഈ ഭൂമിയുടെ ഭാഗമാണ്; അത് ഞങ്ങളുടേയും. നറുമണമുള്ള പൂക്കൾ ഞങ്ങളുടെ സഹോദരിമാരാണ്. മാനും കുതിരയും വൻ പരുന്തുമാണ് ഞങ്ങളുടെ സഹോദരൻമാർ. കൊടുമുടി പാറകളും പുൽപരപ്പിന്റെ ചറങ്ങളും, കുഞ്ഞിക്കുതിരയുടെ മെയ്യിൻ ചൂടും മനുഷ്യനും എല്ലാം ഒരേ കുടുംബത്തിലെയാണ്.... ഭൂമിക്കെന്തെല്ലാം സംഭവിക്കുന്നുവോ അത് ഭൂമിയുടെ മക്കൾക്കും സംഭവിക്കുന്നു. മനുഷ്യൻ നിലത്ത് തുപ്പുമ്പോൾ അവൻ അവനെ തന്നെയാണ് തുപ്പുന്നത്."

എന്നാൽ ഇങ്ങനെയുള്ള പൌരാണിക ദർശനങ്ങളുടെ വിപരീത ദിശയിലാണ് ആധുനിക ശാസ്ത്രത്തിന്റെ സത്യാന്വേഷണം. സത്യം അന്വേഷിച്ച് കോശം തുറന്ന് നോക്കലും, മാനത്തേക്ക് റോക്കറ്റുവിടലുമാണ് അതിന്റെ രീതി. ശാസ്ത്രത്തിന് യാഥാർത്ഥ്യം എന്നത്, കുറച്ച് ശാസ്ത്രജ്ഞന്മാർ (chosen few) കോടാനുകോടി പണം മുടക്കി കുറേ ഭീകര യന്ത്രങ്ങളുടെ സഹായത്തോടെ എത്രയെങ്കിലും വർഷങ്ങൾക്കപ്പുറം കണ്ടുപിടിച്ചേക്കാവുന്ന എന്തോ ഒന്നാണ്.[1] സത്യം മനുഷ്യരുടേതല്ല; ചില ലബോറട്ടറികളുടേയും ബഹിരാകാശ വാഹനങ്ങളുടേയും ആണ്. അഥവാ, ഇവിടെ അന്വേഷിക്കുന്ന മനുഷ്യനും, അന്വേഷിക്കപ്പെടുന്ന പ്രപഞ്ചവും വേർതിരിക്കപ്പെടുന്നു; അറിവ് നമുക്ക് വെളിയിൽ കണ്ടെത്തേണ്ട ഒരു വിഷയം ആണ്. അങ്ങനെ, ആധുനികശാസ്ത്രം നമുക്കിന്ന് സാധ്യമാക്കുന്ന അറിവുകളത്രയും, തന്നെ കുറിച്ച് തന്നെയുള്ള മനസ്സിലാക്കലും അതിന്റെ മൂല്യാനുഭവം ആകുന്നതിന് പകരം താനല്ലാത്ത മറ്റെന്തിനേയോ കുറിച്ചുള്ള വസ്തുതാവിവരണം ആയിപ്പോകുന്നു. പലപ്പോഴും ഇത്തരം അറിവുകൾ കൊണ്ട് മനുഷ്യർക്ക് ആകെയുള്ള പ്രയോജനം, പി.എസ്.സി പരീക്ഷക്ക് ഉത്തരം എഴുതി ഗുമസ്തപ്പണി കണ്ടെത്താം എന്നതാണ്. ഇങ്ങനെ സത്യം - അറിവ്, അതിന്റെ പ്രസക്തി തുടങ്ങിയവയെല്ലാം കുറച്ച് ശാസ്ത്രജ്ഞരുടെ മാത്രം ഗവേഷണ വിഷയം ആവുകയും മറ്റ് മനുഷ്യരുടെ സ്വാഭാവിക ജീവിതത്തിൽ നിന്ന് പുറത്താവുകയും ചെയ്യുന്നതോടെ മനുഷ്യജീവിതം ഫലത്തിൽ അജ്ഞതയിൽ തുടങ്ങിയൊടുങ്ങുന്ന, അപ്പം കൊണ്ട് മാത്രം ജീവിച്ചുതീർക്കേണ്ട ഒന്നാവുന്നു. ഇങ്ങനെ മനുഷ്യത്വം ആപേക്ഷിക മൂല്യങ്ങൾക്കെല്ലാം ഉപരിയായി സ്വയം മനസിലാക്കാത്തപ്പോൾ അതിന്, ജാതി - മതം, രാഷ്ട്രം - കുടുംബം, ആണ് - പെണ്ണ്, തുടങ്ങിയ അപേക്ഷിക സ്വത്വങ്ങളിൽ നിന്ന് മോചനം ഇല്ലാതെയും ആകുന്നു (when the absolute is negated the relative becomes absolute).

പൗരാണിക ജ്ഞാനസമ്പ്രദായത്തിൽ നിന്ന് ആധുനികശാസ്ത്രത്തിന്റെ മേൽപ്പറഞ്ഞ വഴിപിരിയലിന് ചരിത്രപരമായ ചില കാരണങ്ങൾ ഉണ്ട്. ശാസ്ത്രം അതിന്റെ വളർച്ചയിലെ പ്രധാനപ്പെട്ട മുന്നേറ്റങ്ങൾ നടത്തുന്നത് നൂറ്റാണ്ടുകളായി ക്രൈസ്തവ സഭയുടെ ഭരണത്തിൻ കീഴിലായിരുന്ന യൂറോപ്പിലെ സാമൂഹിക വ്യവസ്ഥിതിക്കുള്ളിലാണ്. സത്യത്തെ സ്വകാര്യ സ്വത്തായി കണ്ടിരുന്ന അന്നത്തെ പൗരോഹിത്യം, ഭൗതീക ശാസ്ത്രത്തിന്റെ സ്വാഭാവിക വളർച്ചയെ കാര്യമായി ബുദ്ധിമുട്ടിച്ചിരുന്നു. ഭൂമി സൂര്യനെ ചുറ്റുന്നുവെന്ന് പറഞ്ഞ ഗലീലിയോയെ സഭ കൊല്ലാകൊല ചെയ്തു; ബ്രൂണോയെ ജീവനോടെ കത്തിച്ചു.

*1. പ്രപഞ്ചത്തിൻറെ 'രഹസ്യം' കണ്ടുപിടിക്കുവാനുള്ള 2009ലെ Large Collider Experiment ന്റെ യന്ത്രസംവിധാനത്തിന് മാത്രം വേണ്ടി വരുന്ന ചിലവ് 1,80,00,00,00,000/ കോടി രൂപയാണ്.*

സത്യസംരക്ഷണത്തിന്റെ പേരിൽ നടത്തിയ ഇൻക്വിസിഷൻ പോലുള്ള കൂട്ടക്കൊലകളും സഭക്കകത്തുള്ള കൊടിയ അഴിമതികളും വേറെ. മതത്തിന്റെ ഇത്തരം ഏകപക്ഷീയതകളോടുള്ള പ്രതികാരബുദ്ധിയോടെയാണ് ആധുനികശാസ്ത്രം വളർന്ന് വരുന്നത്. അങ്ങനെ, ആത്മരക്ഷാർത്ഥമെന്നോണം ജീവിതത്തെ സംബന്ധിച്ച യാഥാർത്ഥ്യം ആർക്കും അറിയാനാവാത്തതാണെന്നും വ്യക്തിയുടെ സ്ഥലകാല പരിമിതികളിൽ കുടുങ്ങിയ അറിവ് മാത്രമാണ് മനുഷ്യന് സാധ്യമായിട്ടുള്ളതെന്നും അത് തീരുമാനിച്ചു; അഥവാ പൗരോഹിത്യമെന്ന കുളിതോട്ടിയോടൊപ്പം സത്യമാകുന്ന കുട്ടിയേയും ശാസ്ത്രം വലിച്ചെറിഞ്ഞു. ഐൻസ്റ്റെൻ ആപേക്ഷികതാ സിദ്ധാന്തവും, തല തിരിഞ്ഞ ആദർശങ്ങളുടെ പേരിൽ പിന്നീട് ഹിറ്റ്ലർ നടത്തിയ കൊലകളും ഈ മാനസ്സികാവസ്ഥയെ ശക്തിപ്പെടുത്തി.

എന്നാൽ ശത്രുവിനെ നിരന്തരം ധ്യാനിക്കുന്നവൻ ശത്രു തന്നെ ആയിത്തീരുന്ന വൈരുദ്ധ്യമാണ് ശാസ്ത്രത്തെ പിടികൂടിയത്. മതത്തെപ്പോലെ ശാസ്ത്രവും മനുഷ്യന്റെ അപാരമായ സാധ്യതകളെ നിരാകരിച്ചു. സ്വർഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണനാകുവാൻ ശേഷിയുള്ള മനുഷ്യത്വത്തെ മാനിക്കാതെ, മനുഷ്യനേയും ദൈവത്തേയും വേർതിരിച്ച് മനുഷ്യൻ പാപിയാണെന്ന് സിദ്ധാന്തിച്ച മതങ്ങൾക്ക് സമാനമായി, ശാസ്ത്രവും മനുഷ്യനേയും പ്രകൃതിയേയും വേർതിരിക്കുകയും, മനുഷ്യന് ജന്മനാൽ അജ്ഞത – ആപേക്ഷികത വിധിക്കുകയും ചെയ്തു. ഇഹലോകത്തിലെ അനീതികളെ കണ്ടില്ലെന്ന് നടിച്ച് പരലോകത്തേക്ക് കണ്ണുംനട്ടിരുന്ന പുരോഹിതരെപ്പോലെ[2], ഇന്ന് ശാസ്ത്രജ്ഞരും ചന്ദ്രനിലെ വെള്ളത്തെക്കുറിച്ചും സൂര്യനിലെ യുറേനിയത്തെക്കുറിച്ചും ഉത്കണ്ഠപ്പെടുകയും, തങ്ങളുടെ കൂടി ഒത്താശയോടെ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന വ്യവസ്ഥിതി പുലരുന്നത് കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്നു.

ഈ രീതിയിൽ ലാബോറട്ടറികളിലെ സത്യത്തെ ധ്യാനിക്കുന്ന ശാസ്ത്രത്തോടുള്ള താദാമ്യത്തിൽനിന്നും, മനുഷ്യജീവിതത്തിലെ സ്വാഭാവിക സന്തോഷങ്ങളെല്ലാം (ഉദാ: പ്രണയം, ലൈംഗീകത) പാപകാരണങ്ങൾ ആണെന്ന് വിധിച്ച ദൈവശാസ്ത്രത്തോടുള്ള പ്രതിഷേധത്തിൽ നിന്നുമാണ്, ആധുനിക മുതലാളിത്ത മതം രൂപപ്പെടുന്നത്. (ഈ മുതലാളിത്തത്തോടുള്ള പ്രതികരണമായിരുന്നു കമ്മ്യൂണിസം; എന്നാൽ മനുഷ്യത്വത്തെ സമഗ്രമായി അഭിസംബോധന ചെയ്യായ്കയാൽ, വ്യവസ്ഥാപിത കമ്മ്യൂണിസം മുതലാളിത്തത്തിലേക്ക് തിരിച്ച് വിഴുങ്ങപ്പെട്ടിരിക്കുന്നു). മുതലാളിത്ത മതം കാലഹരണപ്പെട്ട ഇക്കാലത്ത്, ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന നമ്മുടെ ശീലത്തിന് പകരം, അറിവിനേയും ജീവിതത്തെയും സമന്വയിക്കുന്ന ജീവിതശൈലികളാണ് നമുക്കിന്ന് ആവശ്യം.

**ഇന്ന്
ആഗോളവൽക്കരണ
കാലഘട്ടത്തിൽ,
മൂലധനം സമ്പദ്‌വ്യവസ്ഥ
സങ്കേതികവിദ്യകൾ
സംസ്കാരങ്ങൾ എന്തിന്
ഭാഷ പോലും
ആഗോളവൽക്കരിക്കപ്പെടുമ്പോഴും,
നമ്മുടെ രാഷ്ട്രീയം 'ദേശീയത'
എന്ന പൊട്ടക്കിണറ്റിലാണ്
വിഹരിക്കുന്നത്**

അതുപോലെ, ഇതുവരെ പറഞ്ഞതിന്റെ അർത്ഥം ആധുനികശാസ്ത്രം അപ്രസക്തമാണെന്നുമല്ല. മനസിലാക്കുന്ന മനുഷ്യനേയും മനസിലാക്കപ്പെടുന്ന പ്രപഞ്ചത്തേയും പരസ്പരം അന്യവൽക്കരിക്കുന്ന അതിന്റെ മാനസികാവസ്ഥ പോകണമെന്നേയുള്ളൂ. ആത്മാവ് ആത്മാവിലൂടെ ആത്മാവിനെ അറിയുന്നു[3] എന്നാണ് ഭഗവത്ഗീതയിൽ പറയുന്നത്; താൻ തന്നിലൂടെ തന്നെക്കുറിച്ചാണ് അറിയുന്നതെന്ന് അറിഞ്ഞ്, പ്രചോദിതരായാണ് മനുഷ്യർ ജീവിക്കേണ്ടത്. അതല്ല, ശാസ്ത്രം ഇന്നത്തെ പോലെ തുടരാനാണെങ്കിൽ, സാമാന്യ ജനതയെ സംബന്ധിച്ച് അതൊരു വരേണ്യജ്ഞാനസമ്പ്രദായം മാത്രമായിരിക്കും.

### മൂല്യശാസ്ത്രത്തിന്റെ രാഷ്ട്രീയം

ഭൂമിയിലെ മനുഷ്യരത്രയും ഹോമോസാപ്പിയൻസ് എന്ന ജീവിവർഗത്തിലാണ് ഉൾപ്പെടുന്നതെന്ന് ശാസ്ത്രം സംശയാതീതമായി തെളിയിച്ചിട്ടുണ്ട്. ഈ മനുഷ്യജാതിയെ സംബന്ധിച്ച് ശുദ്ധവായു, ജലം, ഭക്ഷണം, സാഹോദര്യം, സമാധാനം തുടങ്ങിയ മൂല്യങ്ങൾ എക്കാലവും പ്രസക്തമാണെന്നതും, സാമാന്യമായ അറിവാണ്. എന്നാൽ ഇതിനെയൊന്നും കണക്കിലെടുക്കുന്നതല്ല നമ്മുടെ (ഭരണകൂട) രാഷ്ട്രീയവും സാമ്പത്തികലക്ഷ്യങ്ങളും. ഇന്ന് ആഗോളവൽക്കരണ കാലഘട്ടത്തിൽ, മൂലധ





2. *ഇമ്മാതിരി പൗരോഹിത്യം ലോകത്തെല്ലായിടത്തും വ്യാപകമാണ്; ഇന്ത്യയിലെ ബ്രാഹ്മണ പൗരോഹിത്യം ഒരു ഉദാഹരണം.*
3. *ഭഗവദ്ഗീത, അധ്യായം 13 ശ്ലോകം 24, അധ്യായം 6 ശ്ലോകം 20, അധ്യായം 6 ശ്ലോകം 6.*

നം സമ്പദ്‌വ്യവസ്ഥ സങ്കേതികവിദ്യകൾ സംസ്കാരങ്ങൾ എന്തിന് ഭാഷ പോലും ആഗോളവൽക്കരിക്കപ്പെടുമ്പോഴും, നമ്മുടെ രാഷ്ട്രീയം 'ദേശീയത' എന്ന പൊട്ടക്കിണറ്റിലാണ് വിഹരിക്കുന്നത്.

ഉദാഹരണത്തിന്, എൻഡോസൾഫാൻ നിരോധിക്കുന്നതിനായി 2011 ൽ നടന്ന സുപ്രീം കോടതി വ്യവഹാരത്തിൽ, കോടതി ഇന്ത്യയിൽ ആ കീടനാശിനി നിരോധിക്കുകയും മറ്റ്രാജ്യങ്ങളിലേക്ക് കടത്തുന്നതിന് തടസ്സമില്ലെന്നും വിധിക്കുകയുണ്ടായി. ഈ മറ്റ് രാജ്യങ്ങൾ വേറെ വല്ല ഗ്രഹത്തിലുമാണോ? അതോ സ്വന്തം പൌരന്മാർ അല്ലാത്ത മനുഷ്യർ നശിച്ചു കൊള്ളട്ടെ എന്നാണോ? ഓരോ രാജ്യത്തിന്റെയും നയം ഇങ്ങനെയാവുമ്പോൾ മനുഷ്യരുടെ - പ്രകൃതിയുടെ ഗതിയെന്താണ്? (ഇതേ അന്യതാബോധത്തിന്റെ - sense of otherness) ഇങ്ങേയറ്റമാണ് തന്റെ ആവശ്യത്തിനായി ജൈവപച്ചക്കറികളും ബാക്കിയുള്ളവർക്കായി വിഷവിഭവങ്ങളും ഒരുക്കുന്ന കർഷകൻ). ഇന്ന് ഔഷധ മേഖലയിൽ തുടങ്ങി ബഹിരാകാശ മേഖലയിൽ വരെ ഒരു രാജ്യത്തിൽ കണ്ടെത്തി കഴിഞ്ഞ അറിവുകൾക്കായാണ് മറ്റ് പല രാജ്യങ്ങളും കോടാനുകോടി പണവും, വിഭവങ്ങളും, മനുഷ്യാധ്വാനവും മുടക്കി ഗവേഷണം നടത്തുന്നത്. രാജ്യങ്ങൾ തമ്മിലുള്ള അവിശ്വാസം നിമിത്തം അതിർത്തികൾ സംരക്ഷിക്കുവാൻ നമ്മൾ ചെലവഴിക്കുന്ന ഊർജ്ജത്തെക്കുറിച്ച് ആത്മഹത്യാപരം എന്നേ പറയാനാവൂ.

ലോകത്തെ എല്ലാ രാജ്യങ്ങളേയും ഉൾകൊള്ളുന്ന നിഷ്പക്ഷ സമിതിയാവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഐക്യരാഷ്ട്രസഭയാവട്ടെ മിക്കപ്പോഴും സ്ഥിതിവിവരകണക്കുകൾ സൂക്ഷിക്കുന്ന ഒരു അലമാര മാത്രമാണ്. യാതൊരു കൂട്ടുത്തരവാദിത്വവുമില്ലാതെയാണ് കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സഭയിൽ ചർച്ചയും തീരുമാനങ്ങളും ഉണ്ടാകുന്നത്. സഭയിൽ ചില രാഷ്ട്രങ്ങൾക്കുള്ള വീറ്റോ അധികാരത്തിന് എന്താണ് അടിസ്ഥാനം? ഐ.എം.ഫും ലോകബാങ്കും പോലെയുള്ള ആഗോള സമിതികളിലെ നയരൂപീകരണം നടത്തുന്നത് അത്തരം സമിതികളിൽ കൂടുതൽ പണം നിക്ഷേപിച്ചിട്ടുള്ള രാജ്യങ്ങളാണ്; ഇതും, കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാടത്തരവും തമ്മിൽ വ്യത്യാസമുണ്ടോ?



ദൈവം പരസ്യമോഡലോ ബ്രാൻഡ് ഉൽപ്പന്നമോ ആയിട്ടുള്ള മതങ്ങളുടെ കാര്യം കൂടുതൽ ഗുരുതരമാണ്. ദേശകാലങ്ങളുടെ വ്യത്യസ്തതകൾ ഒഴിവാക്കിയാൽ തീർത്തും സമാനമായ ദർശനങ്ങളെപ്രതി 'ഭക്തൻമാർ' തമ്മിൽതല്ലി ചാവാൻ തയ്യാറാണെന്നത് കാണിക്കുന്നത്, ചത്താലും തങ്ങളുടെ ഇഷ്ടമതഗ്രന്ഥപോലും പഠിക്കാൻ ഇക്കൂട്ടർ ഒരുക്കമല്ലെന്നാണ്.

ഇതിനെക്കുറിച്ചൊന്നും വേണ്ടവിധം ധാരണ വിദ്യാഭ്യാസ പ്രക്രിയയും നമുക്ക് തരുന്നില്ല. ഇന്ത്യയിൽ സി.ബി.എസ്.ഇ, സ്റ്റേറ്റ് സിലബസ്, ഐ.സി.എസ്.ഇ എന്നിങ്ങനെ ഒരുപാട് തരം വിദ്യാഭ്യാസ രീതികളുണ്ട്! ഇവയോരോന്നും കുട്ടികൾക്ക് ഓരോ തരം ബൗദ്ധിക രൂപീകരണമാണ് (intellectual orientation) കൊടുക്കുന്നത്. പൗരസ്ത്യ - പാശ്ചാത്യ വിദ്യാഭ്യാസ മാനദാണ്ഡങ്ങൾ ആവട്ടെ ഒരു മട്ടിലും പരസ്പരം അടുക്കുകയില്ല. ഈ സമ്പ്രദായങ്ങളെല്ലാം കൂടി ഭൂമിയിൽ അവശേഷിപ്പിക്കുന്നത് പരസ്പരം സഹവർത്തിത്വം പോലും അസാധ്യമായ ബാബേൽ സമൂഹങ്ങളെയാണ്.

ഏകലോകം എന്ന അറിവും അനുഭവവും അത്രമേൽ സാധാരണമായിരിക്കുന്ന ഇന്ന് ഇത്തരം പ്രാദേശിക തിണ്ണമിടുക്കുകൾ ഒഴിവാക്കി മനുഷ്യർക്ക് എല്ലാം പ്രസക്തമായ മൂല്യശാസ്ത്രത്തിന്റെ വെളിച്ചത്തിലുള്ള, വ്യക്തിയുടെ സ്വയംഭരണത്തെ ലക്ഷ്യമാക്കുന്ന, ഭൂമിരാഷ്ട്രീയ ബോധമാണ് നമുക്ക് വേണ്ടത്. അങ്ങനെ ജീവന്റെ ഒരുമയെ അംഗീകരിക്കുന്നതും ഒപ്പം സാംസ്കാരികമായ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതുമായ ഏകലോക വിദ്യാഭ്യാസദർശനവും, സമ്പദ്‌വ്യവസ്ഥയും, നൈതീകതയും നമുക്കുണ്ടാവണം.

മേൽപ്പറഞ്ഞ മൂല്യശാസ്ത്രത്തിന്റെ പ്രാഥമിക മാനദണ്ഡങ്ങൾ മനസിലാക്കുവാൻ നാരായണഗുരുവിന്റെ ആത്മോപദേശശതകത്തിലെ 21 മുതൽ 25 വരെയുള്ള അഞ്ചു ശ്ലോകങ്ങൾ സഹായകരമാണ്.

21. പ്രിയമൊരു ജാതി,യിതെൻ പ്രിയം, ത്വദീയ
പ്രിയമപരപ്രിയമെന്നനേകമായി
പ്രിയവിഷയം പ്രതി വന്നിടും ഭ്രമം; തൻ
പ്രിയമപരപ്രിയമെന്നറിഞ്ഞിടേണം

(പ്രിയമൊരു ജാതി - മനുഷ്യരെല്ലാവരും എന്തിനെയെങ്കിലും ഇഷ്ടപ്പെടുന്നുണ്ട്; അത് സാധനങ്ങളെ ആകാം, മറ്റു മനുഷ്യരെയാവാം, ആശയങ്ങളെ ആവാം. എന്നാൽ ഇഷ്ടവിഷയങ്ങളുടെ ആധിക്യം മൂലം, തന്റെയും സഹോദരന്റെയും ഉള്ളിൽ ഇഷ്ടമെന്ന ഭാവം പ്രകൃത്യാൽ ഉണ്ടെന്നത് നാം ഓർക്കാതെ പോകുന്നു.

ഇവിടെ പ്രയോഗിച്ചിട്ടുള്ള 'അപരൻ' എന്ന വാക്ക് ശ്രദ്ധേയമാണ്. 'പരൻ' എന്നാൽ വേറൊരാൾ എന്നാണ് അർഥം. 'അപരൻ' എന്നാൽ വേറൊരാൾ അല്ലാത്തത്; അഥവാ വേറൊരാൾ എന്ന് തോന്നിക്കുമ്പോഴും യഥാർത്ഥത്തിൽ വേറെ അല്ലാത്തതാണ്).

22. പ്രിയമപരന്റെയതെൻ പ്രിയം; സ്വകീയ
പ്രിയമപരപ്രിയമിപ്രകാരമാകും
നയമതിനാലെ നരന്നു നന്മ നൽകും
ക്രിയയപരപ്രിയ ഹേതുവായ് വരേണം

(അപരന്റെയും തന്റെയും ഉള്ളിൽ ഒരേ സ്നേഹമാണെന്ന അറിവും നയവും ആണ് മനുഷ്യന് നന്മ നൽകുക).

23. അപരനുവേണ്ടിയഹർന്നിശം
പ്രയത്നം
കൃപണത വിട്ടു കൃപാലു ചെയ്തി
ടുന്നു;
കൃപണനധോമുഖനായ്കിടന്നു
ചെയ്യുന്നപജയകർമ്മമവന്നു
വേണ്ടി മാത്രം
(കൃപണൻ - അല്പ്പൻ)

24. അവനിവനെന്നറിയുന്നതൊക്കെ
യോർത്താ
ലവനിയിലാദിമമായൊരാത്മരൂപം
അവനവനാത്മസുഖത്തിനാചരിക്കു
ന്നവയപരന്നു സുഖത്തിനായ്
വരേണം
(അവനി - ഭൂമി)

ശ്ലോകത്തിൽ ഉപയോഗിച്ചിട്ടുള്ള 'ഓർത്താൽ' എന്ന പദം ശ്രദ്ധേയമാണ്; നമ്മുടെ അറിവിന് സ്വാഭാവികമായെന്നോണം എല്ലാത്തിനേയും തന്നിൽ നിന്ന് അന്യവൽക്കരിക്കുവാനും, അന്യവൽക്കരിക്കുന്നതിനെ പലതായി കാണുവാനുമുള്ള പ്രവണതയുണ്ട്. മനസ്സിന്റെ ഈ ശീലത്തെ മറികടന്ന്, എല്ലാത്തിന്റെയും ഒരുമ അനുഭവിക്കുന്നതിന് മനനം (self-reflection) ആവശ്യമുണ്ട്. മനനം ചെയ്യുന്നവനാണ് മനുഷ്യൻ. ഈ മനനത്തെയാണ് 'ഓർത്താൽ' എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്.

അപരന്നു സുഖത്തിനായി... - ഇപ്പറയുന്നതും യേശു, തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കണമെന്ന് പറയുന്നതും തമ്മിൽ എത്ര സാമ്യമാണ്! ഒരുവൻ അപരന്റെ സ്വരം സംഗീതം പോലെ ആസ്വദിക്കുന്ന സാഹചര്യമായിട്ടാണ് കമ്മ്യൂണിസത്തെ മാർക്സും മനസിലാക്കുന്നത്. ഇതിലെ 'തന്നെപ്പോലെ' എന്ന പ്രയോഗം പ്രധാനമാണ്. ഒരു വ്യക്തി, തന്നെ കുറിച്ചു മാത്രം ചിന്തിക്കുന്നത് പോലെ തന്നെ ഏകപക്ഷീയമാണ് തന്നെ വിട്ട് സമൂഹത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്നത്. താനും അപരനും ചേരുന്ന നടുനില - മധ്യമാർഗമാണ് മനസിലാക്കേണ്ടത്. അതുപോലെ അപരന് ഉണ്ടാകാവുന്ന താൽക്കാലിക വിഷമങ്ങളെ കരുതി അവന്റെ/അവളുടെ അല്പ്പത്തരങ്ങളുമായി സമരസപ്പെടുന്നതും കഷ്ടമാണ്.

25. ഒരുവനു നല്ലതുമന്യനല്ലലും
ചേർപ്പൊരു തൊഴിലാത്മവിരോധി
യോർത്തിടേണം;
പരനുപരം പരിതാപമേകിടുന്നോ
രെരിനരകാബ്ധിയിൽ വീണെരിഞ്ഞി
ടുന്നു.

ഒരുവന് നല്ലതും സഹോദരന് ദുഖവും ഉണ്ടാക്കുന്ന പ്രവൃത്തി യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ്. അറിഞ്ഞുകൊണ്ട് മറ്റൊരാൾക്ക് ദുഖമുണ്ടാക്കുന്നവൻ, അവന്റെ ആ അധോമുഖത്വം കൊണ്ടുതന്നെ അറിവാകുന്ന ഗതി കിട്ടാതെ പോകുന്നു. പണക്കാരന്റെ സ്വർഗ(ജ്ഞാന) പ്രാപ്തി സൂചിക്കുഴയിലൂടെയുള്ള ഒട്ടകത്തിന്റെ യാത്ര പോലെ ദുഷ്ക്കരമാവുന്നതും ഇങ്ങനെയാവണം. അബ്ധി - കടൽ എന്ന വാക്ക് കടക്കാൻ പ്രയാസമുള്ളതിനെ സൂചിപ്പിക്കുന്നു. നരൻ പീഡിപ്പിക്കപെടുന്ന ഇടമാണ് നരകം.

* * * * *

മനുഷ്യർക്കുണ്ടാകാവുന്ന ആഗ്രഹങ്ങൾക്ക് ഒരു പരിധിയും ഇല്ല. ആ ആഗ്രഹങ്ങൾ ആവശ്യവും അനാവശ്യവും ആയി വിവേചിക്കപ്പെടുന്നത്, വ്യക്തിയുടേയും സമൂഹത്തിന്റെയും ചില മൂല്യപരിഗണനകൾ വെച്ചിട്ടാണ്. ഇന്ന് മുതലാളിത്തം അത്തരം മാനദണ്ഡങ്ങൾ എല്ലാം വിഴുങ്ങി സകല ചോദനകളേയും കെട്ടഴിച്ചുവിട്ടിരിക്കുന്നു. അങ്ങനെ നിലയ്ക്കാത്ത വിഭ്രമങ്ങളിൽപ്പെട്ട ഭ്രാന്തനെപ്പോലെ ലോകം പരക്കം പായുന്നു.

ഒന്ന് വിശദീകരിച്ചാൽ, പ്രത്യേകിച്ച് ഒരാളുടെയും നേതൃത്വത്തിലല്ലാതെ ലോകം മുഴുവൻ വ്യാപിക്കുവാൻ മുതലാളിത്തത്തിന് കഴിയുന്നത് മനുഷ്യമനസ്സിന്റെ ചില അടിസ്ഥാന പ്രവണതകളുമായുള്ള അതിന്റെ മൂലബന്ധം കൊണ്ടാണെന്ന് പറയാം. അസംസ്കൃതമായ മനസ്സ് - മുതലാളിത്തം, മനുഷ്യനെ മറ്റെല്ലാത്തിൽ നിന്നും അന്യവൽക്കരിച്ച് വ്യക്തിനിഷ്ഠമായി മാത്രം മനസ്സിലാക്കുന്നു. ഇങ്ങനെ തീർത്തും ശരീരബന്ധിതമായി സ്വന്തം സത്ത നിർവചിക്കപെടുന്നതോടെ മരണഭീതി ഉൾപ്പെടെയുള്ള എല്ലാ സുരക്ഷിതത്വമില്ലായ്മകളും മനുഷ്യരുടെ സ്ഥായിഭാഗമാകും. ഇതേ വ്യക്തിബോധത്തിന്, അതിന്റെ സ്വാർത്ഥവാസനകളെല്ലാം പരമ ആദർശമാവാതെയും തരമില്ല. ഇങ്ങനെ ഉടലിൽ ഭീരു

**വിദ്യാഭ്യാസത്തിലൂടെ മനുഷ്യമനസ്സിനെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് മോചിപ്പിക്കുന്നതിന് സമാനമായി - സമാന്തരമായി നമ്മുടെ ഉല്പാദന പ്രക്രിയയെയും നമുക്ക് മുതലാളിത്ത ബാധയിൽ നിന്ന് രക്ഷിക്കാനാവും. അഥവാ, ജൈവീകമെന്നോണമുള്ള മുതലാളിത്തവ്യാപനത്തെ അതേ രീതിയിൽ നമുക്ക് ഇല്ലാതാക്കാനാവും**



ത്വവും, മനസ്സിൽ ദാരിദ്ര്യവും ബാധിച്ച മനുഷ്യർ, തങ്ങളുടെ 'ചുരുങ്ങിയ' ജീവിതകാലയളവിൽ നടത്തുന്ന സുഖന്വേഷണമാണ് മുതലാളിത്തത്തിന്റെ ചാലകശക്തി.

മനുഷ്യമനസ്സിന്റെ മറ്റൊരു പ്രവണത എപ്പോഴും എന്തെങ്കിലും വിഷയം, കാര്യമൊന്നും ഇല്ലെങ്കിലും ചവച്ച് കൊണ്ടിരിക്കണമെന്നതാണ്. ഓരോന്നും കുറച്ചു കഴിയുമ്പോൾ മടുക്കും; പിന്നെ അടുത്തത്; അങ്ങനെ അവസാനമില്ലാതെ. മനസ്സിന്റെ ഈ മർക്കടത്വവും വ്യവസ്ഥിതിക്ക് ജീവശ്വാസമാണ്. മാരകമായ ഈ ഉപരില്ലവതയിൽ നിന്ന് മനനത്തിലൂടെ മനുഷ്യനെ സ്വതന്ത്രമാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസമെന്ന് പറയാം. വിദ്യാഭ്യാസമുള്ള മനുഷ്യന്റെ വികാരങ്ങൾ നയിക്കപ്പെടുക വിവേക[4]ത്താലാണ്. വിവേകമാവട്ടെ യാഥാർത്ഥ്യത്തെ – ജീവന്റെ ഒരുമയെ സംബന്ധിച്ചുള്ള നമ്മുടെ അറിവിൽ നിന്ന് ഉണ്ടാവുന്നതാണ്.

ഇങ്ങനെ വിദ്യാഭ്യാസത്തിലൂടെ മനുഷ്യമനസ്സിനെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് മോചിപ്പിക്കുന്നതിന് സമാനമായി – സമാന്തരമായി നമ്മുടെ ഉല്പാദന പ്രക്രിയയെയും നമുക്ക് മുതലാളിത്ത ബാധയിൽ നിന്ന് രക്ഷിക്കാനാവും. അഥവാ, ജൈവീകമെന്നോണമുള്ള മുതലാളിത്തവ്യാപനത്തെ അതേ രീതിയിൽ നമുക്ക് ഇല്ലാതാക്കാനാവും. അതിനായി നമ്മൾ, മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്രമടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഉത്പാദനം/ഉപഭോഗം കുറച്ചു കൊണ്ട് വന്നാൽ മതി. കാരണം, മുതലാളിത്തത്തിന് നിലനിൽക്കാൻ 2 – 4, 4 – 8 എന്ന ഒരു വളർച്ചാക്രമം അനിവാര്യമാണ്. ഈ വളർച്ചാനിരക്ക് തടസ്സപ്പെടുകയോ, ഉൽപ്പാദനം/ഉപഭോഗം വിപരീത ദിശയില്ലേക്ക് നീങ്ങുകയോചെയ്യുന്നത് ഒരു ഘട്ടത്തിനപ്പുറം തുടർന്നാൽ മുതലാളിത്തം തനിയെ തകർന്നു തുടങ്ങും. ലോകത്തിലെ ഭരണാധിപൻമാരെല്ലാം ജി.ഡി.പി, ജി.ജി.പി വളർച്ചയെക്കുറിച്ച് ഇത്രമേൽ ഉത്കണ്ഠപ്പെടുന്നതും അതിനെ സർക്കാർ വക സഹായവും, ഇളവുകളും നൽകി താങ്ങി നിറുത്തുന്നതും ഇക്കാരണത്താലാണ്.[5] 2001ൽ വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെട്ടപ്പോൾ പ്രസിഡണ്ട് ജോർജ്ബുഷ് അമേരിക്കയിലെ ജനങ്ങളോട് ആഹ്വാനം ചെയ്തത് "പോകൂ, വാങ്ങൂ" (go and shop) എന്നാണ്. സാമ്രാജ്യത്വത്തിന്റെ നിലനിൽപ്പിന്റെ മൂലരഹസ്യമാണ് അന്ന് അദ്ദേഹം വെളിപ്പെടുത്തിയത്.

ഏതായാലും മുതലാളിത്ത വ്യവസ്ഥിതി ഇന്ന് ആർക്കും രക്ഷിക്കാനാവാത്ത അതിന്റെ അന്ത്യദശയിലാണ്; ലക്ഷണങ്ങൾ സകലയിടത്തും പ്രകടവുമാണ്. ഇത് പൊതുവേ മനസ്സിലാക്കപ്പെടാതെ പോകുന്നത് മുഖ്യധാരാ മാദ്ധ്യമങ്ങളുടെ പ്രചാരണ കോലാഹലം കൊണ്ടാണ്. ഈ പ്രചരണങ്ങളെ തള്ളിക്കളയുന്നതിനും, മനുഷ്യർ അവർക്ക് സഹജമായ മൂല്യബോധം ആർജ്ജിക്കുന്നതിനും അനുസൃതമായി മുതലാളിത്തം താനേ കൊഴിഞ്ഞു പൊയ്ക്കൊള്ളും.

ഇങ്ങനെ മുതലാളിത്തത്തിന് അന്ത്യവിശ്രമം നല്കാൻ നമുക്കോരോരുത്തർക്കും ഉള്ള അവസരത്തോടൊപ്പം, അത് നിലനിൽപ്പിനായി നടത്തുന്ന ചില കലാശക്കളികളും അറിഞ്ഞിരിക്കേണ്ടതുണ്ട്; ഒരു പ്രധാന പരിപാടി നഗരവൽക്കരണമാണ്; കഴിയുന്നത്ര മനുഷ്യരെ നഗരവാസികളാക്കുക. നഗരജീവികളെ സംബന്ധിച്ച പ്രധാന വസ്തുത കുടിവെള്ളം മുതലുള്ള സകല കാര്യത്തിലും കമ്പോളഭരണകൂടത്തോടുള്ള അവരുടെ ആശ്രിതത്വവും, മനുഷ്യരുടെ പരസ്പരബന്ധമില്ലായ്മ (രാഷ്ട്രീയ) ഒറ്റപ്പെടലും ആണ്. ഭാവി ഇന്ത്യയെ കുറിച്ചുള്ള ദർശനം എന്താണെന്ന് 2009 ൽ അന്നത്തെ ധനകാര്യ മന്ത്രി പി. ചിദംബരത്തോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി, 85% ജനങ്ങളും നഗരങ്ങളിൽ താമസിക്കുന്ന ഒരു ഇന്ത്യയാണ് തന്റെ സ്വപ്നം എന്നാണ്.[6] ലോകമൊട്ടാകെയുള്ള വികസന വിശ്വാസികൾ നടപ്പിലാക്കുന്ന നയമാണിത്. 2011 ലെ ലോക ജനസംഖ്യ കണക്കെടുപ്പനുസരിച്ച് ചരിത്രത്തിലാദ്യമായി നഗരവാസികളുടെ എണ്ണം ഗ്രാമീണരുടെ എണ്ണത്തെ മറികടന്നു എന്നതും, എഴുന്നൂറുകോടി ലോകജനസംഖ്യയുടെ പകുതി, ഭൂമിയുടെ 3% സ്ഥലത്താണ് താമസിക്കുന്നതെന്നതും ഇതിനോട് ചേർത്തു വായിക്കണം.

മുതലാളിത്തത്തിന്റെ മറ്റൊരു പരാക്രമം കൃഷിയിലേക്കുള്ള കടന്നുകയറ്റമാണ്; വികസനം, നഗരവൽക്കരണം, കരാർ കൃഷി, സെസ് തുടങ്ങിയ ഏർപ്പാടുകളിലൂടെയും ഭക്ഷണക്കമ്മിയുടെ പേരു പറഞ്ഞും ഭൂമിയുടെ കുത്തകാവകാശം നേടിയെടുക്കുകയും, അത്യാധുനിക സാങ്കേതികവിദ്യകളിലൂടെ മാത്രം ഉത്പാദിപ്പിക്കാവുന്ന ജനിതകവിത്തുകളിലൂടെയും, വളങ്ങളിലൂടെയും ഭക്ഷ്യോല്പാദന മേഖല പിടിച്ചെടുക്കുകയാണ് അതിന്റെ ലക്ഷ്യം. ഇതിലൂടെ കർഷകർ തങ്ങളുടെ ജീവനോപാധിയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട് വെറും കൂലിത്തൊഴിലാളികളായി മാറും; മുതലാളിത്തത്തിന് സ്ഥിരമായ ചൂഷണ മേഖലകൾ തുറന്നും കിട്ടും. കണക്കുകൾ അനുസരിച്ചു 1950ൽ ചൈനയിൽ 85% കൃഷിക്കാരായിരുന്നുവെങ്കിൽ 2004 ഓടുകൂടി അത് 50% ത്തിൽ താഴെയായി. അമേരിക്കയിൽ ഇപ്പോൾ ആകെ ജനസംഖ്യയുടെ 2% മാത്രമാണ് കർഷകർ.[7]

ചൂതുകളിയുടെ മറ്റൊരു മേഖല, റോഡ് – പാലം പണികളൊക്കെ ചേർന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആണ്. ഫോസ്സിൽ ഇന്ധനങ്ങൾ തീർന്നു കൊണ്ടിരിക്കുന്ന കാലത്ത് ഇക്കാണായ ടാർ റോഡുകളെല്ലാം എന്തുച്ചെയ്യും എന്ന് ആരും ചോദിക്കരുത്; (വികസന) കഥയിൽ ചോദ്യമില്ല. അല്ലെങ്കിലും നമ്മൾ എങ്ങനെയാണ് ചോദ്യം ചെയ്യുക?! ഇതെല്ലാം അവസാനിച്ചാൽ ഇവിടുള്ള പാറ പൊട്ടിക്കുന്നവരും, എൻജിനീയറും ഗുമസ്തന്മാരും പരസ്യം വേണ്ട മാധ്യമങ്ങളും സകലമാന യന്ത്രങ്ങളും പട്ടാളവും മന്ത്രിയും എല്ലാമെല്ലാം എന്ത് ചെയ്യും? ഒരുത്തന്റെ ജീവിതം നശിപ്പിക്കുന്നത് അവന്റെ തന്നെ ഉപജീവനമാർഗ്ഗം ആയിട്ടുള്ള ആഗോളസമൂഹമാണ് നമ്മുടേത്. ഈ കടുത്ത വൈരുദ്ധ്യമാണ് പല രൂപങ്ങളിൽ നമ്മളോരോരുത്തരും അനുഭവിക്കുന്നതും. പ്രായോഗിക ജീവിതത്തിലെ ഈ ആത്മഹത്യ അറിവിന്റെ തലത്തിലെ ആത്മനിഷേധത്തിന്റെ ഫലമാണ്.

---

4. *വിവേകം – നിത്യമായതെന്ത് അനിത്യമായതെന്ത് എന്ന് വിവേചിച്ചറിയാനുള്ള ശേഷി.*
5. *മുതലാളിത്തം പ്രതിസന്ധിയിൽ ആകുമ്പോഴെല്ലാം പുതിയ യുദ്ധങ്ങളുണ്ടാകുന്നതും ഓർക്കുക.*
6. *തെഹൽക്ക; വാല്യം 5, ലക്കം 21, മെയ് 2008.*
7. *Globalization, Democracy and Terrorism; Eric Hobsbawm, Pub: Little Brown*